**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2094** **30-09-2025 - ൽ മറുപടിയ്ക്ക്**

**പറമ്പിക്കുളം - ആളിയാർ കരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | പറമ്പിക്കുളം-ആളിയാർ അന്തർസംസ്ഥാന നദീജലകരാർ പുനരവലോകനം ചെയ്യേണ്ടിയിരുന്ന വർഷം ഏതാണെന്ന് വ്യക്തമാക്കാമോ; | (എ) | 1970 മെയ് 29 ന് നിലവിൽ വന്ന പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിന് 1958 നവംബർ 9 മുതൽ മുൻകാല പ്രാബല്യം നൽകിയിട്ടുണ്ട്. ഉഭയകക്ഷി സമ്മത പ്രകാരം കരാറിലെ വ്യവസ്ഥകൾ ഓരോ 30 വർഷത്തിന്റെയും അനുഭവത്തിന്റെ വെളിച്ചത്തിൽ പുനരവലോകനം ചെയ്യാമെന്ന് വ്യവസ്ഥയുണ്ട്. അതിനാൽ കരാർ പുനരവലോകനം ചെയ്യേണ്ടിയിരുന്നത് 1988, 2018 എന്നീ വർഷങ്ങളിലാണ്. |
| (ബി) | കരാർ പുതുക്കുന്നതിന് കേരളത്തിന്റെ ഭാഗത്തുനിന്ന് കഴിഞ്ഞ പത്ത് വർഷം എന്തെല്ലാം ശ്രമങ്ങളാണ് നടത്തിയതെന്ന് വിശദീകരിക്കാമോ? | (ബി) | പറമ്പിക്കുളം ആളിയാർ പദ്ധതി കരാറിന്റെ ഖണ്ഡിക 5 (സി) അനുസരിച്ച് കരാറിലെ വ്യവസ്ഥകൾ പുനരവലോകനം ചെയ്യുവാനുള്ള കാലാവധി 1988 നവംബർ 9 ന് തികഞ്ഞിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ സംസ്ഥാനം 1988-ൽ തന്നെ ആരംഭിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിലും, മന്ത്രിതലത്തിലും, മുഖ്യമന്ത്രിതലത്തിലും നിരവധി ചർച്ചകൾ ഇരു സംസ്ഥാനങ്ങൾ തമ്മിൽ നടന്നെങ്കിലും, സംയുക്ത ഗേജിങ്ങിലൂടെ സ്ഥിരീകരിക്കപ്പെട്ട അധിക ജലലഭ്യത പങ്കുവയ്ക്കുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ കേരളവും തമിഴ്നാടും പരസ്പര ധാരണയിൽ എത്തിച്ചേരാത്തതിനാൽ കരാർ പുനരവലോകനം ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല.<br><br>എന്നാൽ അന്തർ സംസ്ഥാന നദീജല കരാറുകൾ സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ 25.09.2019 - ന് തിരുവനന്തപുരത്ത് ചേർന്ന കേരള-തമിഴ്നാട് മുഖ്യമന്ത്രിമാരുടെ യോഗത്തിൽ പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കുവാൻ തമിഴ്നാട് സമ്മതിക്കുകയും കരാർ പുതുക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടു പോകാം എന്ന് തീരുമാനിക്കുകയും ചെയ്തു. ഇരു |

| | | | |
|---|---|---|---|
| | | | സംസ്ഥാനങ്ങളിലെയും ചീഫ് സെക്രട്ടറിമാർ ആറുമാസത്തിലൊരിക്കൽ യോഗം ചേർന്ന് കാര്യങ്ങൾ വിലയിരുത്താനും തീരുമാനിച്ചു.<br><br>കൂടാതെ കരാർ പുതുക്കുന്നതിനായി ഇരു സംസ്ഥാനങ്ങളിലെയും വകുപ്പ് സെക്രട്ടറിമാരുടെ നേതൃത്വത്തിൽ സാങ്കേതിക അംഗങ്ങൾ ഉൾപ്പെടെ അഞ്ച് അംഗങ്ങൾ വീതമുള്ള കമ്മിറ്റി രൂപീകരിക്കുവാനും തീരുമാനിക്കുകയുണ്ടായി. മണക്കടവ് വിയറിൽ നിന്നും കേരളത്തിന് നൽകുന്ന ജലത്തിന്റെ അളവിലും, ചിറ്റൂർ പുഴ പ്രദേശത്തു നിന്നും കേരളത്തിന് ലഭ്യമാകുന്ന ജലത്തിന്റെ അളവിലുമുള്ള കുറവ് സംബന്ധിച്ച വിഷയങ്ങളും ഇതേ കമ്മിറ്റി പരിഗണിക്കുന്നതാണ്. ഇതിനായി 26.10.2019 – ലെ സഉ(സാധാ) നം.762/2019/ജ.വി.വ പ്രകാരം കേരളം അന്നത്തെ ജലവിഭവ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു അഞ്ച് അംഗ കമ്മിറ്റി രൂപീകരിച്ചിരുന്നു.<br><br>ഈ കമ്മിറ്റിയുടെ ആദ്യ യോഗം 12.12.2019 ന് ചെന്നൈയിൽ വച്ച് നടന്നു. പ്രസ്തുത ചർച്ചയിൽ, കേരളം ആവശ്യപ്പെട്ടതനുസരിച്ച് കരാർ പുനരവലോകനവുമായി ബന്ധപ്പെട്ട് കരാറിൽ ഉൾപ്പെടുത്തിയിട്ടുള്ള പറമ്പിക്കുളം സിസ്റ്റത്തിന്റെ ഡാറ്റയും, പറമ്പിക്കുളം-ആളിയാർ സിസ്റ്റത്തിൽ ഉൾപ്പെടുന്ന എല്ലാ റിസർവോയറുകളുടെയും യഥാർത്ഥ ലഭ്യതയും പുനഃപരിശോധിക്കുവാൻ തീരുമാനിക്കുകയുണ്ടായി.<br><br>പി.എ.പി കരാർ പുനരവലോകന സാങ്കേതിക സമിതിയുടെ രണ്ടാമത് യോഗം 11.09.2020 ന് തിരുവനന്തപുരത്ത് വച്ച് നടന്നു. പ്രസ്തുത യോഗത്തിൽ തമിഴ്നാട് ഉന്നയിച്ച ആവശ്യങ്ങൾ വിശദമായി പരിശോധിച്ച് പ്രസ്തുത പദ്ധതികൾ എങ്ങനെയൊക്കെ സംസ്ഥാനത്തെ ദോഷകരമായി ബാധിക്കും എന്ന് ജലസേചന വകുപ്പിലെയും, വൈദ്യുതി വകുപ്പിലെയും വിദഗ്ധർ ഉൾപ്പെട്ട സമിതി പഠനം നടത്തി തുടർനടപടികൾ നിർദ്ദേശിച്ചിട്ടുണ്ട്. കരാർ പുനരവലോകനവുമായി ബന്ധപ്പെട്ട് 17.09.2021ന് കേരളത്തിലെയും തമിഴ്നാട്ടിലെയും സെക്രട്ടറിമാരുടെ യോഗം ഓൺലൈൻ ആയി കൂടിയിരുന്നു.<br><br>പി.എ.പി. കരാർ പുതുക്കി നിശ്ചയിക്കുന്നതു വഴി കേരളത്തിന്റെ താൽപര്യങ്ങൾ പൂർണ്ണമായി സംരക്ഷിച്ചുകൊണ്ട് തമിഴ്നാടുമായി ചർച്ച നടത്തി പറമ്പിക്കുളം ആളിയാർ പദ്ധതിയിൽ നിന്നും കൂടുതൽ ജലം നേടിയെടുക്കുന്നതിനുള്ള സാധ്യതകളാണ് കേരളം ആരായുന്നത്. |

സെക്ഷൻ ഓഫീസർ